പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1630

21-03-2012 – ൽ മറുപടിയ്ക്ക്

## കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വാട്ടർഷെഡ് പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാപോറ്റി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വാട്ടർ ഷെഡ് പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി പഞ്ചായത്ത് തിരിച്ചു വ്യക്തമാക്കുമോ; | (എ) & (ബി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെട്ട ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെ ആർ.ഡി.എഫ് XIII-ൽ ഉൾ പ്പെടുത്തി 92 ലക്ഷം രൂപ പദ്ധതിയടങ്കലുള്ള തേവന്നൂർ വാട്ടർ ഷെഡ് പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ ഇപ്പോൾ പദ്ധതി പ്രവർത്തനം നടക്കുന്നില്ല. നാളിതുവരെ 52.18 ലക്ഷം ചെലവഴിച്ച് 194 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്. |
| (ബി) | ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട തേവന്നൂർ വാട്ടർ ഷെഡിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; | | |
| (സി) | പ്രസ്തുത പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു; | (സി) | 57% പ്രവർത്തനം പൂർത്തീകരിച്ചു . |
| (ഡി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുണ്ടോ; | (ഡി) & (ഇ) | വിജിലൻസ് കേസ് നിലവിലില്ല. വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. കർഷകർ നല്കിയിട്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റുകളിൽ വന്ന തെറ്റുകളാണ് വിജിലൻസ് അന്വേഷണത്തിനു കാരണം. പദ്ധതിയും ബന്ധപ്പെട്ട ഫയലുകളും എംബുക്കുകളും വിജിലൻസിന്റെ കൈവശത്തിലായതിനാൽ ഇപ്പോൾ പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നില്ല. |
| (ഇ) | വിജിലൻസ് കേസിനു നിദാനമായ സാഹചര്യം എന്താണ്, കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ